ന്ധിച്ച കൂടുതൽ വിവരങ്ങൾ അറിയാൻ കേരളീയർക്ക തീർച്ചയായും താല്പര്യമുണ്ടായിരിക്കും. ആഗ്രഹവും കഴിവും ഉള്ളവർക്ക് വരുന്ന ജൂലൈയിൽ ഈ മേളയിൽ നേരിട്ട പങ്കെടുക്കാവുന്നതേയുള്ള. നമ്മുടെ വാരികകളിലെ ഫീച്ചറെഴുത്തുകാരിൽ ചിലരെങ്കിലും ഇതിന മുന്നിട്ട വരുമെന്ന് ഞാൻ ആശിക്കുന്നു. ഇതാ അവർക്ക പുതിയ, രസകരമായ, ഒരു വിഷയം!

(30 ജൂൺ, 1985)

# 88. കല്യാണം കമ്പ്യൂട്ടറിലൂടെ

ഇന്ത്യയുടെ തലസ്ഥാനനഗരമായ ദില്ലിയിൽ പാർക്കുന്നവരെ സ്ഥിരമായി അലട്ടുന്ന പ്രശ്നം എന്താണ്? തെക്കെ ഇന്ത്യയിൽനിന്നു തീവണ്ടിയിലൂടെ ദില്ലിയിലെത്തുന്നവർക്ക തോന്നുക, ദില്ലിക്കാരുടെ ഒരേയൊരു പ്രശ്നം കല്യാണമാണെന്നായിരിക്കും. ഗ്വാളിയർമുതൽ ദില്ലിവരെ, തീവണ്ടിപ്പാതയുടെ ഇരുവശങ്ങളിലുമുള്ള ചുവരുകളിൽ വലിയ ദേവനാഗരി അക്ഷരങ്ങളിൽ എഴുതിയിരിക്കുന്നത് കല്യാണം സംബന്ധിച്ച പരസ്യങ്ങളാണ്. 'രിശ്ത്ത' (വിവാഹബന്ധം) വേണമോ, പ്രൊഫസർ അറോഡയെ സമീപിക്കുക. അയാൾ നിങ്ങൾക്ക് ഇന്ത്യയിൽ മാത്രമല്ല, അമേരിക്കയിലും കാനഡയിലും വിവാഹബന്ധങ്ങൾ ഏർപ്പെടുത്തിത്തരും. കരോൾബാഗിലുള്ള അയാളുടെ ആപ്പീസിന്റെ വിവരവും ഈ ചുവരെഴുത്തുകളിൽ തെളിഞ്ഞുകാണാം.

ഒരു വിവാഹദല്ലാൾ 'പ്രൊഫസർ', സ്ഥാനം അവകാശപ്പെടുന്നതു് ആദ്യമായി ഞാൻ കണ്ടതു് ഈ ചുവരെഴുത്തുകളിലാണ്. സർക്കസ്സുകാരും കായികാഭ്യാസികളും മാജിക്കുകാരും 'പ്രൊഫസർ' എന്ന ബിരുദം തങ്ങളുടെ പേരുകളോടു ചേർത്തു പറയാറുണ്ട്. ചില കൈനോട്ടക്കാരും ആ ബിരുദം കൈയടക്കാറുണ്ടെന്നു തോന്നുന്നു.

വടക്കേ ഇന്ത്യയിൽ വിവാഹദല്ലാൾസ്ഥാനം ഗ്രാമത്തിലെ ക്ഷുരകന്റെ പാരമ്പര്യാവകാശമാണ്. തമിഴ്നാട്ടിൽ ഒരുകാലത്തു് പാണന്മാർ പ്രണയദൂതന്മാരായി പ്രവർത്തിച്ചിരുന്നു എന്നു സംഘസാഹിത്യത്തിൽ കാണുന്നു. കേരളത്തിൽ വിവാഹദൗത്യം ഏതെങ്കിലുമൊരു ജാതിക്കാരുടെ കുത്തകയായിരുന്നു എന്നു തോന്നുന്നില്ല. ഉയർന്ന ജാതിക്കാരുടെ വിവാഹകാര്യങ്ങളിൽ അവസാന വാക്ക് പറയാനുള്ള അവകാശം പലപ്പോഴും ജ്യോത്സ്യന്മാർക്കായിരുന്നു. വിവാഹപ്രായമെത്തിയ യുവതീയുവാക്കളുടെ ജാതകങ്ങൾ വൻതോതിൽ ശേഖരിച്ചുവെച്ചിരുന്ന ചില ജ്യോത്സ്യന്മാരെപ്പററി കേട്ടിട്ടുണ്ട്. മകൾക്കോ, മകനോ ഒരു വിവാഹാലോചന വന്നാൽ ആഢ്യൻ നമ്പൂതിരി ആദ്യമായി ചോദിക്കുക 'ശങ്കരൻ (ജ്യോത്സ്യൻ) എന്തു പറഞ്ഞു?' എന്നായിരുന്നുവത്രേ.

ഇപ്പോഴിപ്പോൾ നഗരങ്ങളിൽ, പ്രത്യേകിച്ചും ഇടത്തരക്കാർക്കിടയിൽ, കൂടുതൽ വിവാഹങ്ങളും തീരുമാനിക്കപ്പെടുന്നതു് പത്രപ്പരസ്യം വഴിയാണെന്നു തോന്നുന്നു.

പത്രപ്പരസ്യത്തിന പല പരിമിതികളുമുണ്ട്. ഒന്നാമത്തെ പരിമിതി, പരസ്യക്കൂലിക്ക പരിമിതിയില്ല എന്നതുതന്നെ. അക്ഷരം എണ്ണിയാണ് പത്രക്കാർ പരസ്യക്കൂലിക്ക ബില്ലയയ്ക്കുന്നതു്. അതിനാൽ, നന്നെ ചുരുക്കം വിവരങ്ങൾ മാത്രമേ ഒരു വിവാഹപ്പരസ്യത്തിൽ ഉൾക്കൊള്ളിക്കാനാവൂ. വരന്റെ (അല്ലെങ്കിൽ വധുവിന്റെ) വയസ്സ്,

ഗോത്രം, ശരീരപ്രകൃതി, മതം, വിദ്യാഭ്യാസം, പ്രധാനപ്പെട്ട ചില ജാതകവിവരങ്ങൾ—അത്രയാവുമ്പോഴേക്കം പരസ്യക്കൂലി കനത്തൊരു തുകയായിക്കഴിഞ്ഞിരിക്കും. പരസ്യം പ്രസിദ്ധപ്പെടുത്തുന്ന വരൻ (അല്ലെങ്കിൽ വധു) തന്റെ ഭാവി-ഇണയിൽ പ്രതീക്ഷിക്കുന്നതെന്തു് എന്നു വിവരിക്കാൻ പുറപ്പെട്ടാൽ, വിവാഹച്ചെലവിന്റെ വലിയ ഒരു ഭാഗം പരസ്യച്ചെലവായി മാറും.

പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ നേതൃത്വത്തിൽ ഇന്ത്യ ഇരുപത്തൊന്നാം നൂററാണ്ടിലേക്കു കുതിച്ചുകൊണ്ടിരിക്കുകയാണല്ലോ. ഇരുപത്തൊന്നാം നൂററാണ്ടിലെത്താൻ നാം ഉപയോഗപ്പെടുത്തേണ്ട വാഹനം 'കമ്പ്യൂട്ടർ' ആണെന്നും തീരുമാനിക്കപ്പെട്ടിരിക്കുന്നു. നാം ഇരുപത്തൊന്നാം നൂററാണ്ടിലെത്തുമ്പോഴേക്കു് നമ്മുടെ വിവാഹവ്യവസ്ഥ അവിടെ എത്തിയില്ലെങ്കിൽ മോശമല്ലേ? അതിനാൽ, കല്യാണത്തേയും കമ്പ്യൂട്ടറിൽ കയററി ഇരുപത്തൊന്നാം നൂററാണ്ടിലെത്തിക്കാൻ ഇപ്പോഴേ ശ്രമം ആരംഭിക്കേണ്ടിയിരിക്കുന്നു.

'ആരംഭിക്കേണ്ടിയിരിക്കുന്നു' എന്നല്ല പറയേണ്ടതു്, 'ആരംഭിച്ചിരിക്കുന്നു' എന്നാണു്. ദീർഘദർശികൾ എല്ലാ വർഗങ്ങളിലും ഉണ്ടല്ലോ. വിവാഹദല്ലാൾ വർഗത്തിലെ ഒരു ദീർഘദർശി, ദില്ലിയിലെ ഒരു പഞ്ചനക്ഷത്ര-ഷോപ്പിങ് കേന്ദ്രത്തിൽ, ഒരു കമ്പ്യൂട്ടർ-കല്യാണക്കമ്പനി തുറന്ന വിവരം പത്രങ്ങളിൽ വന്നിട്ടുണ്ടു്. നിങ്ങളുടെ മകനോ, മകൾക്കോ വിവാഹപ്രായമായാൽ മേലിൽ നിങ്ങൾ ഗ്രാമത്തിലെ ക്ഷുരകനെ തേടിപ്പോകേണ്ടതില്ല. ജ്യോത്സ്യന്റെ സൗകര്യം കാത്തു കുത്തിയിരിക്കുകയും വേണ്ട. പത്രങ്ങളിൽ പരസ്യംകൊടുത്തു പണം നഷ്ടപ്പെടുത്തേണ്ടതുമില്ല. 'പാർട്ട്നേഴ്സ്' (പങ്കാളികൾ) എന്നു പേരുള്ള ഈ കമ്പ്യൂട്ടർ-കല്യാണ കമ്പനിയിൽ ചെന്നു് ഇരുപത്തഞ്ചു രൂപ കൊടുത്തു നിങ്ങളുടെ മകന്റെ (അല്ലെങ്കിൽ മകളുടെ) പേരു് രജിസ്റ്റർചെയ്താൽ മതി.

രജിസ്റ്റർ ചെയ്യുന്നതോടൊപ്പം മകനെ (അല്ലെങ്കിൽ മകളെ) സംബന്ധിച്ച ഒരു ചോദ്യാവലിയിൽ ഉത്തരങ്ങൾ എഴുതിക്കൊടുക്കുകയും വേണം. തൊണ്ണൂററഞ്ചു ചോദ്യങ്ങളാണു് ഈ ചോദ്യാവലിയിലുള്ളതു്. നിങ്ങളുടെ മകന്റെ (അല്ലെങ്കിൽ മകളുടെ) ശാരീരികവും ബുദ്ധിപരവും വൈകാരികവും സാമ്പത്തികവും മററുമായ വ്യക്തിത്വം സംബന്ധിച്ച, വ്യവച്ഛേദിച്ചെടുക്കാവുന്ന, എല്ലാ വിവരങ്ങളും ഈ ചോദ്യങ്ങളുടെ ഉത്തരങ്ങളിലടങ്ങുന്നു. അതോടൊപ്പം, നിങ്ങളുടെ മകന്റെ (അല്ലെങ്കിൽ മകളുടെ) ഇണയിൽ നിങ്ങൾ (നിങ്ങളുടെ മകൻ, അല്ലെങ്കിൽ മകൾ) പ്രതീക്ഷിക്കുന്ന ഭൗതിക-ആദ്ധ്യാത്മിക സവിശേഷതകളും ഈ ചോദ്യങ്ങൾക്കു നിങ്ങൾ നൽകുന്ന ഉത്തരങ്ങളിൽനിന്നു വെളിപ്പെടും. സമഗ്രമായ ഈ ചോദ്യാവലി ആവിഷ്കരിച്ചിട്ടുള്ളതു തികച്ചും ശാസ്ത്രീയമായാണു്.

ഈ വിവരങ്ങളത്രയും കമ്പ്യൂട്ടറിനെക്കൊണ്ടു 'ഭക്ഷിപ്പിക്കുന്നു'. ഇനി നിങ്ങൾ ഒരു വർഷത്തോളം കാത്തിരുന്നാൽ മതി. നിങ്ങളുടെ മകന്റെ (അല്ലെങ്കിൽ മകളുടെ) എല്ലാ ആവശ്യങ്ങളും നിറവേററുന്ന ഒരു ഇണയെ കണ്ടുകിട്ടിയാലുടൻ, നിങ്ങൾ പ്രതീക്ഷിച്ചിരിക്കുന്ന 'സുവിശേഷം' കമ്പ്യൂട്ടർ നിങ്ങളെ അറിയിക്കും.

മൂന്നു മാസമേ ആയുള്ള ഈ കല്യാണക്കമ്പനിയിലെ കമ്പ്യൂട്ടർ പ്രവർത്തനം ആരംഭിച്ചിട്ടു്. ഇതിനകം ഒരുലക്ഷം വധൂവരന്മാരുടെ സമ്പൂർണ വിവരങ്ങൾ അതിന്റെ തലച്ചോറിൽ കയറിക്കഴിഞ്ഞിട്ടുണ്ടത്രേ. ഇക്കണക്കിനു വധൂവരന്മാരുടെ എണ്ണം, ഒരു വർഷമാവുമ്പോഴേക്കു്, ചുരുങ്ങിയതു നാലു ലക്ഷമെങ്കിലുമാകും. രണ്ടു ലക്ഷം വരന്മാരെ (അല്ലെങ്കിൽ വധുക്കളെ) നിരത്തിനിർത്തി, അവരിൽനിന്നു് നിങ്ങളുടെ മകന്റെ (അല്ലെ

ങ്കിൽ ധകളുടെ) അഭിരുചിക്ക് ഏററവും ഇണങ്ങിയ ഇണയെ തിരഞ്ഞെടുക്കാനുള്ള അവസരമാണ് കമ്പ്യൂട്ടർ നിങ്ങൾക്കു നൽകുക. അതും ഇണയെ സംബന്ധിച്ച സമസ്ത വിവരങ്ങളും (രക്തത്തിലെ കൊളസ്റ്ററോൾ വരെ) മനസ്സിലാക്കിയശേഷം. എന്തൊരു സ്വയംവരം! ഇതിനു നിങ്ങൾ മുടക്കിയതോ, വെറും ഇരുപത്തഞ്ചു രൂപ! എന്നിട്ടും, നമ്മുടെ കമ്പ്യൂട്ടർ കല്യാണക്കമ്പനിക്കാരൻ പറയുന്നതു്, ഒരു വർഷത്തിനകം അഭിരുചിക്കു ചേർന്ന ഇണയെ കണ്ടെത്തുന്നതിൽ പരാജയപ്പെട്ട അപേക്ഷകർക്കു് രജിസ്ട്രേഷൻ ഫീസ് തിരിച്ചുനൽകുമെന്നാണ്! ആ തുകയ്ക്കു് അത്രയും കാലത്തെ പലിശ കൊടുക്കുമെന്നേ അദ്ദേഹം പറയാതുള്ളു.

എല്ലാ അപേക്ഷകരുടെ വിവരവും കമ്പ്യൂട്ടറിലേക്കു കൊടുക്കുകയില്ല. മാരകമായ രോഗമുള്ളവർ, കുററവാളികൾ മുതലായവരുടെ അപേക്ഷ തുടക്കത്തിൽത്തന്നെ തള്ളിക്കളയും. അതിനാൽ 'പൊട്ടിയെ കെട്ടിയാൽ കെട്ടിയവൻ പുലർത്തുക' എന്ന സാമാന്യനീതിക്കു കമ്പ്യൂട്ടർ കല്യാണത്തിൽ പ്രസക്തിയില്ല.

നിങ്ങൾക്കു് ഒരു നഷ്ടവുമില്ല. കിട്ടാനുള്ളതോ, ശോഭനമായ ഒരു ദാമ്പത്യം. മംഗളാനി ഭവന്തു!

ദില്ലിയിലെ കമ്പ്യൂട്ടർ കല്യാണക്കമ്പനി (പാർട്ട്നേഴ്സ്) ആരംഭിച്ചിട്ടുള്ളതു് ഒരു ചാർട്ടേഡ് അക്കൗണ്ടൻറ് ആയ ശ്രീ രാജ് ആണ്. മാനേജ്മെൻറിലും കമ്പ്യൂട്ടർ പ്രവർത്തനത്തിലും മററുള്ളവരെ ഉപദേശിക്കുകയായിരുന്നു മുമ്പ് അദ്ദേഹത്തിൻെറ തൊഴിൽ; കമ്പ്യൂട്ടറുമായി അടുത്തു പരിചയപ്പെട്ടപ്പോൾ, മനുഷ്യജീവിതത്തിലെ നിർണായക ബിന്ദുവായ വിവാഹപ്രശ്നം തൃപ്തികരമായി പരിഹരിക്കുന്നതിനു് ഈ അത്ഭുതയന്ത്രത്തിൻെറ അപാരമായ ധിഷണാവൈഭവത്തെ ഉപയോഗപ്പെടുത്തിക്കൂടേ എന്ന ആലോചന ശ്രീ രാജിനു് ഉണ്ടായി. കമ്പ്യൂട്ടർ വിദഗ്ദ്ധർ, ബുദ്ധിപരീക്ഷാവിദഗ്ദ്ധർ, സാമൂഹ്യശാസ്ത്രജ്ഞർ മുതലായവരുടെ സഹകരണത്തോടെ രണ്ടു കൊല്ലം പരിശ്രമിച്ചിട്ടാണ് അദ്ദേഹം തൻെറ കമ്പ്യൂട്ടർ കല്യാണക്കമ്പനി സംബന്ധിച്ച പ്രോജക്ട് തയ്യാറാക്കിയതു്. മൂന്നു മാസം മുമ്പ് ഈ കമ്പനി പ്രവർത്തനം ആരംഭിച്ചു; എങ്കിലും, ഒരു ലക്ഷം വധൂവരന്മാരുടെ വിവരങ്ങൾ കമ്പ്യൂട്ടറിൽ ശേഖരിച്ചശേഷം, മൂന്നാഴ്ചമുമ്പുമാത്രമാണ് കമ്പ്യൂട്ടർ കല്യാണക്കമ്പനിയുടെ വിവരം പ്രസിദ്ധീകരിക്കപ്പെട്ടതു്. ഏതു ജ്യോത്സ്യനും ചെലുത്താൻ കഴിയുന്നതിൽ എത്രയോ കൂടുതൽ നിഷ്കർഷയോടെ ജാതകപ്പൊരുത്തം നോക്കാൻ കമ്പ്യൂട്ടറിനു കഴിയുമെന്നതിനാൽ, ഇന്ത്യൻ സമൂഹ പരിസ്ഥിതിയിൽ കമ്പ്യൂട്ടർ കല്യാണക്കമ്പനികൾ വമ്പിച്ച വിജയമായിക്കൂടെന്നില്ല.

> എല്ലാം തികഞ്ഞിട്ടൊരു വസ്തുപോലും
> തണ്ടാർമകൻ ഹന്ത ചമച്ചതുണ്ടോ?

പൂർണത ഒന്നിനുമില്ല. നിങ്ങൾ കൊടുക്കുന്ന അറിവേ കമ്പ്യൂട്ടറിനുള്ളു. തുടയിലെ മറുകിനെപ്പററിയുള്ള വിവരം മുൻകൂട്ടി കമ്പ്യൂട്ടറിനു നല്കാതിരുന്നാൽ, അതു കണ്ടുപിടിക്കുക കിടപ്പറയിൽവെച്ചു മാത്രമായിരിക്കും. ചിലപ്പോൾ ഒരു മറുകുമതി താനും ദാമ്പത്യബന്ധം തകരാൻ. അതിനാൽ കമ്പ്യൂട്ടർ തിരഞ്ഞെടുത്തുതന്ന ഇണയുമായുള്ള ദാമ്പത്യബന്ധവും നൂറുശതമാനവും തൃപ്തികരമായിക്കൊള്ളണമെന്നില്ല. എന്നാലും, ഗ്രാമത്തിലെ ക്ഷുരകനോ, ജ്യോത്സ്യനോ, പത്രത്തിലെ പരസ്യവകുപ്പു മാനേജരോ ഏർപ്പെടുത്തിത്തരുന്ന വിവാഹത്തേക്കാൾ കമ്പ്യൂട്ടർക്കല്യാണം മെച്ചമായിരിക്കാനാണ് എന്തുകൊണ്ടും സാധ്യത. കമ്പ്യൂട്ടറിനെ നിങ്ങൾ പൂർണമായും വിശ്വസിച്ചാൽ, കമ്പ്യൂട്ടർ മററൊരാളെ ചതി

ക്കില്ല! 'ഭാഗ്യായത്തമതഃപരം' എന്നു് കണ്വൻ ശകുന്തളയോടു പറഞ്ഞതേ ഉപസംഹാരമായി ഉദ്ധരിക്കാനുള്ളു. വേണമെങ്കിൽ ഒരു ഉദ്ധരണം കൂടിയാവാം:

സ്ത്രീണാം ച ചിത്തം പുരുഷസ്യഭാഗ്യം
ദേവോ ന ജാനാതി; കുതോ മനുഷ്യഃ?
കുതഃ കമ്പ്യൂട്ടർ?

(21 ജൂലൈ, 1985)

## 89. ഫാൾക്കൺറി എന്ന പക്ഷിവേട്ട

മനുഷ്യർ പക്ഷികളെയും മൃഗങ്ങളെയും കൊല്ലാൻ തുടങ്ങിയതു് ഇറച്ചി തിന്നാൻ വേണ്ടിയായിരിക്കാം. എന്നാൽ, ഭക്ഷിക്കാനല്ലാതെ, വെറും രസത്തിനുവേണ്ടി പക്ഷികളെയും മൃഗങ്ങളെയും കൊല്ലുന്ന ഏർപ്പാടിനു മനുഷ്യചരിത്രത്തോളംതന്നെ പഴക്കമുണ്ടു്. പല സംസ്കാരങ്ങളിലും, നിശ്ചിത ദിവസങ്ങളിൽ ആഘോഷപൂർവം രാജാവോ പുരോഹിതനോ അനുഷ്ഠിക്കേണ്ട ഒരു മതചടങ്ങായിരുന്നു നായാട്ടു്. അസ്സീറിയൻ ചക്രവർത്തിമാരുടെ സിംഹവേട്ടകൾ ചിത്രീകരിക്കുന്ന ശിലാഫലകങ്ങൾ ബ്രിട്ടീഷ് മ്യൂസിയത്തിൽ ഇപ്പോഴും കാണാം. സ്ത്രീസേവയും മദ്യപാനവും ചൂതുകളിയുംപോലെ, രാജാക്കന്മാർക്കു് വന്നുപെട്ടേക്കാവുന്ന ഒരു വ്യസനം (ദുശ്ശീലം) ആയി നായാട്ടിനെ ഇന്ത്യയിലെ ധർമ്മശാസ്ത്രകാരന്മാർ ചിത്രീകരിച്ചിട്ടുണ്ടു്. 'നായാട്ടു് ഒരു വ്യസനം ആണെന്നു പറയുന്നതു ശരിയല്ല. ഇങ്ങനെ ഒരു വിനോദം വേറെയുണ്ടോ?' എന്നു് കാളിദാസൻ ശാകുന്തളത്തിലെ ഒരു കഥാപാത്രത്തെക്കൊണ്ടു ചോദിപ്പിക്കുന്നു. ശരീരത്തിനു് ആരോഗ്യവും ലാഘവവും, ജന്തു—പ്രകൃതി നിരീക്ഷണംകൊണ്ടു ലഭിക്കുന്ന മനസ്സംസ്കാരം, ഇളകുന്ന ലക്ഷ്യങ്ങളിൽ ആയുധം ഏല്പിക്കാൻ ശീലിക്കുന്നതുവഴി കൈവരുന്ന യുദ്ധവൈദഗ്ദ്ധ്യം ഇതൊക്കെ നായാട്ടിലൂടെ നേടാവുന്ന സൽഫലങ്ങളായി കാളിദാസൻ എടുത്തുകാട്ടുകയുംചെയ്യുന്നു.

ബ്രിട്ടീഷുകാർ മുഴുത്ത നായാട്ടുകമ്പക്കാരായിരുന്നു. സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ ഭാഗ്യവിധാതാക്കളായിരുന്ന കാലത്തു് പക്ഷികളെയും മൃഗങ്ങളെയും വേട്ടയാടുന്നതിൽ പല ബ്രിട്ടീഷുകാരും ജീവിതസാഫല്യം ദർശിച്ചു. പഴയ അസ്സീറിയൻ ചക്രവർത്തിമാരുടെ പാരമ്പര്യം പിന്തുടർന്നു്, വൈസ്രോയിമാരും ഗവർണർമാരുംമുതൽ പോലീസ് കോൺസ്റ്റബിൾമാർവരെയുള്ള വെള്ളക്കാരായ ഉദ്യോഗസ്ഥന്മാർ തങ്ങളുടെ സാമ്രാജ്യത്തിനുള്ളിൽ വ്യാപകമായി നായാട്ടു നടത്തി. മരങ്ങളുടെ മുകളിൽ ഭദ്രമായി നിർമിച്ച മച്ചാനുകളിൽ സുരക്ഷിതരായി ഇരുന്നാണു് അവരിൽ പലരും ശൗര്യം പ്രകടിപ്പിച്ചതു്. ഇവർക്കു വെടിവെച്ചു വീഴ്ത്താൻ പാകത്തിനു് ആനയടക്കം പല ഇണങ്ങിയ വന്യമൃഗങ്ങളെയും കീഴ്ദ്യോഗസ്ഥന്മാർ വേണ്ടസ്ഥലത്തു് ഒരുക്കിനിർത്തിയിരുന്നു എന്നും പറഞ്ഞുകേട്ടിട്ടുണ്ടു്. തങ്ങൾ കൊന്ന പുലികളുടെ തോലുകൾ ഊറയ്ക്കിട്ടു നിർമിച്ച ചർമകംബളങ്ങൾകൊണ്ടു് സ്വന്തം വീടുകളിലെ ഇരുപ്പുമുറികൾ അലങ്കരിക്കുന്നതിൽ ബ്രിട്ടീഷുകാർ അഭിമാനംകൊണ്ടു. വനപ്രദേശങ്ങളിൽ സാഹസപര്യടനങ്ങൾ നടത്തി ജന്തു—സസ്യജീവിതത്തെ സൂക്ഷ്മമായും വിസ്തൃതമായും നിരീക്ഷിച്ചവരും ഇവരിൽ